# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഗളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി124/1445/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 08/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഗളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഗളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഗളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി24/1445/22 തീയ്യതി: 08/07/2022

## പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-01-2021 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇ. ശശിഭൂഷൺ. | ഡെപ്യൂട്ടി ഡയറക്ടർ. | 01-06-2022 | 09-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-06-2022 | 09-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബിജു ആന്റണി.യൂ, ഓഡിറ്റ് ഓഫീസർ,
ശ്രീ.എം.ശിവപ്രസാദ്, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. കെ.എ.മോഹനൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീലക്ഷ്മി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| ശ്രീകുമാർ | | | |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. അംബിക ലക്ഷ്മണൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| അജിത്ത് കുമാർ .കെ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 05-04-2020 |
| മുരുകേഷ് ബാബു | സെക്രട്ടറി | 06-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മാലിനി. കെ. | അസി.എഞ്ചിനീയർ | 01-04-2020 | 23-06-2020 |
| സുകേഷ്.സി.യൂ | അസി.എഞ്ചിനീയർ | 24-06-2020 | 10-08-2020 |
| ബാബൂ.വി.എം | അസി.എഞ്ചിനീയർ | 11-08-2020 | 17-01-2021 |
| പ്രസീൻ.ബി.എസ്. | അസി.എഞ്ചിനീയർ | 18-01-2021 | 31-03-2021 |
| സീന പുതിയോട്ടിൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 17-08-2020 |
| സുല്യ.കെ.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18-08-2020 | 18-11-2020 |
| ഷമീന .ജെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 19-11-2020 | 31-03-2021 |
| ഡോ.നവീൻ | വെറ്റിനറി സർജൻ | 01-04-2020 | 28-05-2020 |
| ഡോ.മരിയ ലൂക്കോസ് | വെറ്റിനറി സർജൻ | 29-05-2020 | 31-03-2021 |
| ഡോ.സിന്ദുമോൾ. കെ.എസ്.മ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ജൂഡ് ജോസ് തോംസൺ | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ. അപർണ എസ്. നായർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 09-02-2021 |
| ശ്രീജ.ജെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 10-02-2021 | 31-03-2021 |
| ദീപ ജയൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| അനിതാ. പി.നായർ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| എൻ.എസ്.സൗദാമിനി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| അനൂപ് .പി.എ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 20-12-2020 |
| ജയകുമാർ.ആർ.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-12-2020 | 03-01-2021 |
| അനൂപ് .പി.എ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 04-01-2021 | 25-01-2021 |
| അഭിജിത്ത് ദീപക്ക് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 26-01-2021 | 31-03-2021 |
| ലെനീഷ്. വി.എൻ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Biju Antony (Audit Officer, On 27-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Biju Antony (Audit Officer, On 29-06-2022)<br>Last Updated By: Biju Antony (Audit Officer, On 29-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Biju Antony (Audit Officer, On 27-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 28-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി -<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Biju Antony (Audit Officer, On 27-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Biju Antony (Audit Officer, On 27-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mohanan K.A (Auditor, On 05-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-10 |
| 11 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 09-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-11 |
| 12 | ലൈസൻസ് അപാകതകൾ<br>Written By: Mohanan K.A (Auditor, On 09-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-12 |
| 13 | ഷോപ്പിംഗ് കോംപ്ളക്സ് വാടക ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 09-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-13 |
| 14 | രശീത് കളക്ഷൻ അപാകതകൾ<br>Written By: Mohanan K.A (Auditor, On 09-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-14 |
| 15 | ഹെഡ്മിസ്ട്രസ് പദ്ധതി നിർവ്വഹണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: Mohanan K.A (Auditor, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-15 |
| 16 | പ്രൊജക്ട് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്നും ചെലവ് നടത്തി<br>Written By: M.sivaprasad (Asst. Audit Officer, On 24-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-16 |
| 17 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-17 |

| | | |
|---|---|---|
| | Written By: M.sivaprasad (Asst. Audit Officer, On 24-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 25-06-2022) | |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങൽ- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 24-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 24-06-2022) | 1-18 |
| 19 | തെരുവ് വിളക്കുകളുടെ പരിപാലനം<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Biju Antony (Audit Officer, On 26-06-2022) | 1-19 |
| 20 | തൊഴിൽ രഹിത വേതന വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല-തുക തിരിച്ചടക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 24-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 25-06-2022) | 1-20 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 24-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 24-06-2022) | 1-21 |
| 22 | പഞ്ചായത്ത് ഓഫീസിലേക്കും കമ്മ്യൂണിറ്റി ഹാളിലേക്കും ജനറേറ്റർ വാങ്ങൽ- രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 24-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 24-06-2022) | 1-22 |
| 23 | കുടുംബശ്രീക്ക് നൽകിയ തുകയുടെ ചെലവ് രേഖ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 24-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 25-06-2022) | 1-23 |
| 24 | മൂച്ചിക്കാടവ് പാലം ഗതാഗതയോഗ്യമാക്കുന്നതിന് തുക നൽകിയതിന്റെ വാല്യവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Biju Antony (Audit Officer, On 26-06-2022) | 1-24 |
| 25 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്റ്റുകൾ - ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് നടത്തിയില്ല.<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Biju Antony (Audit Officer, On 26-06-2022) | 1-25 |
| 26 | അംഗൻവാടികൾക്ക് ഫർണ്ണിച്ചർ-ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങിയത് പ്രോക്യൂർമെന്റ് മാർഗ്ഗരേഖാലംഘനം<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Biju Antony (Audit Officer, On 26-06-2022) | 1-26 |
| 27 | വെറ്ററിനറി സബ്സെന്ററുകളിലേക്ക് ഫർണ്ണിച്ചറുകൾ വാങ്ങൽ-രേഖകൾ ഹാജരാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 25-06-2022) | 1-27 |
| 28 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ -ആർട്ട്കോയിൽ നിന്നും വാങ്ങിയത്-പ്രൊക്യൂർമെന്റ് മാർഗരേഖ ലംഘനം<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 25-06-2022) | 1-28 |
| 29 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 25-06-2022) | 1-29 |
| 30 | തെരുവ് വിളക്കുകൾ ടെണ്ടർ കൂടാതെ സിൽക്കിൽ നിന്നും നേരിട്ട് വാങ്ങിയത് | 1-30 |

| | | |
|---|---|---|
| | പ്രൊക്യൂർമെന്റ് മാർഗ്ഗരേഖാ ലംഘനം<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | |
| 31 | കുടിവെള്ളവിതരണം നടത്തിയതിയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 25-06-2022) | 1-31 |
| 32 | കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-32 |
| 33 | പരിശോധനകൾ നടത്താതെ വസ്തുതാ പരമായ അടിസ്ഥാനങ്ങളില്ലാത്ത തീരുമാനങ്ങളിലൂടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നു.<br>Written By: Biju Antony (Audit Officer, On 21-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-33 |
| 34 | ടാറിംഗ് പ്രവൃത്തികളിൽ ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. നഷ്ടം സംഭവിച്ച തുക ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 21-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-34 |
| 35 | മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-35 |
| 36 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 21-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-36 |
| 37 | അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 26-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 26-06-2022) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | തൊഴിൽ രഹിത വേതന വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല-തുക തിരിച്ചടക്കേണ്ടതാണ്<br>Written By: Biju Antony (Audit Officer, On 30-06-2022)<br>Last Updated By: Biju Antony (Audit Officer, On 30-06-2022) | 3-1 |
| 2 | ടാറിംഗ് പ്രവൃത്തികളിൽ ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. നഷ്ടം സംഭവിച്ച തുക ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 3-2 |
| | ഭാഗം **4** | |
| 1 | .വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 28-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 08-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 28-06-2022) | 4-2 |

| | | |
|---|---|---|
| | Last Updated By: Anish A (Computer Assistant, On 08-07-2022) | |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾ<br>Written By: Biju Antony (Audit Officer, On 26-06-2022)<br>Last Updated By: Biju Antony (Audit Officer, On 26-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 26-06-2022)<br>Last Updated By: Biju Antony (Audit Officer, On 26-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Biju Antony (Audit Officer, On 26-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Biju Antony (Audit Officer, On 26-06-2022)<br>Last Updated By: Biju Antony (Audit Officer, On 26-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 26-06-2022)<br>Last Updated By: Biju Antony (Audit Officer, On 26-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 26-06-2022)<br>Last Updated By: Biju Antony (Audit Officer, On 26-06-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 26-06-2022)<br>Last Updated By: Biju Antony (Audit Officer, On 26-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 26-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20-3-2020തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ ബജറ്റ് . പുതിക്കിയ ബഡ്ജറ്റ് തയ്യാറാക്കിയിട്ടില്ല.

ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 35640194.57 |
| വരവ് | 189131902 |
| ആകെ | 224772096.57 |
| ചെലവ് | 221492000 |
| നീക്കിബാക്കി | 3280096.57 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2020 | 29-7-21 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 39388202.57 |
| വരവ് | 197902699 |
| ആകെ | 237290901.57 |
| ചെലവ് | 211755155 |
| നീക്കിയിരിപ്പ് | 25535746.57 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 24923102 | 24923102 | 24888062 | 35040 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 3251784 | 3251784 | 3205280 | 46504 |
| വികസന ഫണ്ട്- ടി.എസ്. പി (ACR പ്രകാരം) | | 28481360 | 28481360 | 25101623 | 3379737 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 28137000 | 28137000 | 28087485 | 49515 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 7767632 | 7767632 | 7736445 | 31187 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 26146193 | 26146193 | 22825080 | 3321113 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) (ACR പ്രകാരം) | | | 15160000 | 15160000 | 11518388 | 3641612 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ICDS | 3116116 | 2081296 | 5197412 | 2682587 | 2514825 |
| | TSC | 1152150 | 192482 | 1344632 | 1344632 | 0 |

സംയുക്ത ഫണ്ടുകൾ

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി .ബി |
|---|---|---|---|---|---|
| സംയുക്ത പ്രോജക്ടുകൾ (ബ്ലോക്ക് പഞ്ചായത്ത്) | 11648006 | 0 | 11648006 | 0 | 11648006 |
| | 500000 | 0 | 500000 | 0 | 500000 |
| | 0 | 500000 | 500000 | 0 | 500000 |
| സംയുക്ത പ്രോജക്ടുകൾ (ജില്ലാ പഞ്ചായത്ത്) | 13333619 | 5000000 | 18333619 | 0 | 18333619 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 405 | 436249184 | 313 | 181755228 | - | 92 | 77 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 21 | 13 | 8242500 | 2949500 | 35.7 |
| ഐ.സി.ഡി.എസ് | 7 | 7 | 9995000 | 9781225 | 97 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| സെക്രട്ടറി | 56 | 34 | 37815627 | 29240356 | 77 |
| ഹെഡ്മാസ്റ്റർ | 6 | 3 | 2550792 | 692723 | 27 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 267 | 221 | 127222097 | 96235744 | 75.6 |
| മെഡിക്കൽ ഓഫീസർ-CHC | 5 | 4 | 1140000 | 932168 | 81 |
| വി.ഇ.ഓ | 20 | 16 | 235437818 | 34207590 | 14 |
| അസി. സെക്രട്ടറി | 7 | 6 | 2305350 | 2205922 | 95 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 250000 | 250000 | 100 |
| വെറ്ററിനറി സർജ്ജൻ | 12 | 7 | 9370000 | 4660000 | 49.7 |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 1320000 | 0 | 0 |
| ആകെ | 405 | 313 | 436249184 | 181755228 | 41.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി -

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3383 | 5646052 | 5649435 | 5644000 | 5435 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 185980743 | 185980743 | 185980743 | |
| ആകെ | 3383 | 191626795 | 191630178 | 191624743 | 5435 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3720 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 1822200 | 135 |
| വിധവാപെൻഷൻ | 26875400 | 1848 |
| വാർദ്ധക്യകാലപെൻഷൻ | 40314600 | 3358 |
| വികലാംഗപെൻഷൻ | 6029500 | 452 |
| 50വയസിന് മുകളിൽ | 365800 | 27 |

| | | |
|---|---|---|
| പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 120000* | 4 |

* 2019-20 ൽ അലോട്ട്ചെയ്ത 270000 രൂ. കൃൂബില്ലിൽ പെട്ട് ടി വർഷം ചെലവഴിക്കാൻ സാധിച്ചില്ല . പിന്നീട് 10-6-2020 ന് ടി തുക സറണ്ടർ ചെയ്യുകയും ആയത് അലോട്ട്മെന്റ് ആയി 16-6-2020 ന് തിരികെ ലഭിക്കുകയും 19-6-2020 ന് ടി തുക ബിൽമാറി ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തിട്ടുണ്ട് . എന്നാൽ ടി കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല .

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-06-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.10ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14324/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21 വരെ ലഭ്യമായിട്ടുണ്ട്. പിന്നീട് സർട്ടിഫിക്കേഷൻ പുതുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രെഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

2019-20, 2020-21 വർഷങ്ങളിലെ സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ പലതിലും സൂക്ഷിച്ചിട്ടില്ല. 2021 ഫെബ്രുവരി മാസത്തെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. വൗച്ചറുകളിൽ ചില മാസങ്ങളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല. കൂടാതെ മാസാന്ത്യ റീകൺസിലിയേഷനും നടക്കുന്നില്ല.

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്വെയറിലൂടെയാണ് മിനട്ട്സ് തയ്യാറാക്കുന്നത്.

2019-20, 2020-21 ലും മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അവശ്യം വേണ്ടുന്ന രേഖകൾ (അബസ്ട്രാക്റ്റ് എസ്റ്റിമേറ്റ്, സെക്ഷൻ നോട്ടീസ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ മുതലായവ) പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-4-22 - 30-4-22 | 3/2022 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-4-14- 6-5-2014 | 2009-10 മുതൽ 2013-14 | 16-6-2014 |

### 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാർ, റേഷൻ കട നടത്തിപ്പുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി 2020-2021സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

(ബി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | മൗണ്ട് കാർമ്മൽ ഹൈസ്കൂൾ മേമന, ജെല്ലിപ്പാറ | രണ്ടാം അർദ്ധവർഷം |
| 2 | CB അഗളി | രണ്ടാം അർദ്ധവർഷം |
| 3 | ആപ്ക്കോസ് അഗളി | ഒന്നാം അർദ്ധവർഷം |

| | | |
|---|---|---|
| 4 | കൃഷിഭവൻ അഗളി | രണ്ടാം അർദ്ധവർഷം |

(സി) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | കേരള കോ. ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | മുത്തൂറ്റ് ഫിൻ ക്രോപ് Ltd. | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | SIB ഗൂളിക്കടവ് | രണ്ടാം അർദ്ധവർഷം |

തൊഴിൽ നികുതി ഈടാക്കേണ്ടതും, ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് അന്വേഷണം : 7/06-06-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 ലൈസൻസ് അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

(എ) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2020-2021 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾക്ക് ലൈസൻസ് എടുത്തതായി കാണാൻ കഴിഞ്ഞില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം, ലൈസൻസ് എടുപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(ബി) 31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2020-21 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും മൂലധനനിക്ഷേപം ഉൾപ്പെടെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി അനുമതി കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(സി) ലൈസൻസ് അപേക്ഷകൾ സ്വീകരിച്ചതിനുശേഷം നിരസിച്ച അപേക്ഷകളുടെ കാരണം രജിസ്റ്ററുകളിലും, അപേക്ഷകളിലും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
ഓഡിറ്റ് അന്വേഷണം : 8/06-06-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന വാടകക്കാരനിൽ നിന്നും 2020-21 വർഷത്തിൽ വാടക പിരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | റൂം നമ്പർ | വാടകക്കാരൻ | കുടിശ്ശിക സംബന്ധിച്ച വിവരം |
|---|---|---|---|
| 1 | 14 | കുഞ്ഞുമുഹമ്മദ്, കോട്ടത്തറ | ജൂൺ 2020 മുതൽ സെപ്റ്റംബർ 2020 വരെ (2140*4=8560+ CGST,SGST) |
| 2 | 15 | കുഞ്ഞുമുഹമ്മദ്, കോട്ടത്തറ | ജൂൺ 2020 മുതൽ സെപ്റ്റംബർ 2020 വരെ (2140*4=8560+ CGST,SGST) |

വാടകക്കാരനിൽ നിന്നും വാടക പിരിച്ചെടുത്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം : 11/07-06-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 രശീത് കളക്ഷൻ അപാകതകൾ

സെക്രട്ടറി നോമിനേഷൻ ഫീസുമായി ബന്ധപ്പെട്ട് നടത്തിയ രശീതി, കളക്ഷൻ രജിസ്റ്റർ എന്നിവയിലെ അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | രശീത് ബുക്ക് | അനുവദിച്ച തിയതി | അപാകതകൾ |
|---|---|---|---|
| 1 | 59835 | 12-11-2020 | രശീത് നമ്പർ 10 മുതൽ 100 വരെയുള്ള കളക്ഷൻ തുക 72,500/- രൂപയാണ്. (56*100 =56000, 33*500 =16500) കളക്ഷൻ രജിസ്റ്ററിൽ രശീത് നമ്പർ 36 ന്റെ തുക രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ബാങ്കിൽ അടവാക്കിയിരിക്കുന്ന തുക 55,500/- രൂപയാണ്. (രശീത് നമ്പർ 120010102929/തിയതി : 19-11-2020 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 10/07-06-2022 ന് നൽകിയ മറുപടിയിൽ നാമനിർദ്ദേശ പത്രികയുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുക രശീത് ബുക്ക് 59835 ലെ രശീത് നമ്പർ 10 മുതൽ 79 വരെ 55,500/- രൂപയും (രശീത് നമ്പർ 120010102929/Dt: 19-11-2020), 80 മുതൽ 100 വരെയുള്ള 19,000/- രൂപ (രശീത് നമ്പർ 120010102947/Dt: 19-11-2020), രശീത് ബുക്ക് 59836 ലെ രശീത് നമ്പർ 1 മുതൽ 15 വരെയുള്ള 12500/- രൂപ (രശീത് നമ്പർ 120010102947/Dt: 19-11-2020) പ്രകാരവും അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത രശീതുകൾ ഓഡിറ്റ് വേളയിൽ പരിശോധനക്ക് ഹാജരാക്കുകയും ചെയ്തിരുന്നു.

1-15 ഹെഡ്മിസ്ട്രസ് പദ്ധതി നിർവ്വഹണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

ഹെഡ്മിസ്ട്രസ് ഗവ: എൽ.പി.സ്കൂൾ , അഗളി പദ്ധതി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ, ക്യാഷ് ബുക്ക്, വിതരണ രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥയുടെ പേരും, ഔദ്യോഗിക മേൽ വിലാസവും | സ്ഥിര മേൽ വിലാസം |
|---|---|---|---|---|---|
| 209/20-21(SO) | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും, കസേരയും | 105000 (എസ്.എസ്.പി) | 104795 | അനിത .പി.നായർ ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ്. അഗളി (04-10-19-30-03-20) | ഏലംകുളം, പാലത്തോൾ പി.ഒ. 679 340 |
| 208/20-21 (SO) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും, കസേരയും | 500000 (ടി.എസ്.പി) | 499022 | അനിത .പി.നായർ ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ്. അഗളി (04-10-19-30-03-20) | ഏലംകുളം, പാലത്തോൾ പി.ഒ. 679 340 |
| 418/20-21 (SO) | എൽ.പി.സ്കൂൾ വിദ്യാർത്ഥികൾക്ക് കുട | 42 (പൊതുവിഭാഗം) 89100 (തനത്ഫണ്ട്) | ഇല്ല 88906 | അനിത .പി.നായർ ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ്. അഗളി (04-10-19-30-03-20) | ഏലംകുളം, പാലത്തോൾ പി.ഒ. 679 340 |
| ആകെ | | 694142 | 692723 | | |

ചെലവ് രേഖകൾ ഹാജരാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 2/04-06-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതുവരെ, ചെലവ് തുക 692723/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-16 പ്രൊജക്ട് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്നും ചെലവ് നടത്തി

പഞ്ചായത്ത് തനത് ഫണ്ടിൽ 10000 രൂപയിൽ അധികരിച്ചുള്ള കണ്ടിജൻറ് ചെലവുകൾക്ക് മുൻകൂർ അനുമതിയോ അല്ലാത്ത പക്ഷം പ്രൊജക്ട് അംഗീകാരം വാങ്ങി മാത്രമേ ചെലവ് നടത്താവൂ എന്ന് സർക്കാർ നിർദ്ദേശമുണ്ട്. G.o(Ms) 17/2017/ത.സ്വ.ഭ.വ26/8/2017 പ്രകാരം ഒരു സ്ഥാപനത്തിന് 7500/- രൂപയും പ്രതിമാസം 15000/-രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപറയുന്ന ചെലവുകൾക്ക് സെക്രട്ടറി പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തീ | തുക | ചെലവ് വിവരം |
|---|---|---|
| 22000094/3.4.20 | 25553 | ISO- സെക്രട്ടറിയുടെ ക്യാബിനിൽ ഷോകേസ്, ഫ്രണ്ട് ഓഫീസിൽ വെയ്റ്റിംഗ് സ്റ്റാന്റ് എന്നിവക്ക് ചെലവ് |
| 22000410/17.7.20 | 28000 | UPS ബാറ്ററി വാങ്ങൽ |
| 22001157/27.3.21 | 40036 | മൾട്ടി ഫംഗ്ഷൻ പ്രിന്റർ വാങ്ങൽ |

മുൻകൂർ അനുമതിയോ എസ്റ്റിമേറ്റോ, പ്രൊജക്ടോ ഇല്ലാതെ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-17 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | പിഴയായി അടവാക്കിയ തുക |
|---|---|---|
| 22000582/26.8.20 | 423277 | 273467 |
| 22001162/26.3.21 | 405322 | 270402 |

പിഴയായി അടവാക്കിയ തുക ഏത് കാലയളവിലേതാണെന്ന വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വഷണത്തിന് (4/4.6.22) മറുപടിയോ രേഖകളോ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 828599 രൂപ തടസ്സപ്പെടുത്തുന്നു.

### 1-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങൽ- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽനിന്ന് ജിഎസ്സ്.റ്റി അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/4.6.22) മറുപടിയൊന്നും നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിനാൽ കൈപ്പറ്റിയ മുഴുവൻ തുകയ്ക്കും ബാധകമായ ജി.എസ്.ടി കരാറുകാരൻ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് ആവശ്യമായ രേഖകൾ ലഭ്യമാക്കി ഉറപ്പു വരുത്തേണ്ടതാണ്.

2. ഭാവിയിൽ കരാർ തുക 2.50 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന സാഹചര്യങ്ങളിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-19 തെരുവ് വിളക്കുകളുടെ പരിപാലനം

എ) തെരുവ് വിളക്കുകളുടെ വിവരം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ആയി 2020-21 സാമ്പത്തിക വർഷം 1928048 /-രൂപ അടവാക്കിയിട്ടുണ്ട്. വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, പോസ്റ്റ് നമ്പർ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തെരുവു വിളക്കുകളുടെ കൃത്യത ഉറപ്പാക്കാനായി വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ യഥാർത്ഥത്തിൽ നിലവിലുള്ള ലാമ്പുകളുടെ കണക്ക് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് ( നം.26/8.6.2022) മറുപടിയൊന്നും നൽകിയിട്ടില്ല.

ബി)മീറ്റർ സ്ഥാപിച്ചതിന്റെ വിവരം

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് നിർദ്ദേശം

- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് വൈദ്യുതി ചാർജ്ജ് ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ തദനുസൃതമായ മാറ്റങ്ങൾ വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ. മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈവോൾട്ട് ഇൻകാഡിസെന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ, മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കാൻ പാടില്ല {സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി.14.02,2018}. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പകരം ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. എൽ ഇ ഡി ലാമ്പുകൾ മറ്റു ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തവയുമാണ്. ആയതിനാൽ തെരുവ് വിളക്കുകൾക്ക് എൽ ഇ ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണം. വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കിയും, വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ടും തെരുവ് വിളക്കിന് ആവശ്യമായ എൽ ഇ ഡി ലാമ്പുകൾ വാങ്ങാവുന്നതാണ്.
- പഞ്ചായത്തിലെ എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പൂർത്തീകരിക്കേണ്ടതാണ്.

  തെരുവുവിളക്കുകളുടെ പരിപാലനത്തിനായി കാര്യക്ഷമമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചാൽ വൈദ്യുതി ചാർജ്ജും പരിപാലനച്ചെലവും ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന തുടർനപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 തൊഴിൽ രഹിത വേതന വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല-തുക തിരിച്ചടക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ ബിൽ നമ്പർ 23/20.10.20 പ്രകാരം 3720 രൂപ തൊഴിൽ രഹിത വേതനം ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്.പിൻവലിച്ച തുക വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (6/4.6.22) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഹാജരാക്കിയില്ല.

തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ

2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്ഗുണഭോക്താക്കൾ ഹാജരാക്കിയ സാക്ഷ്യപത്രത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ഏതെങ്കിൽ ഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. അത്തരത്തിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.

4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്

5. സ.ഉ (അച്ചടി)139/2019/ധന, തിയ്യതി - 15 -10-2019

മേൽ ഉത്തരവുകൾ പ്രകാരം വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷ പാസായവരും വാർഷിക കുടുംബ വരുമാനം 12000 രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരും ആയ വ്യക്തികളാണ് തൊഴിൽ രഹിത വേതനത്തിന് അർഹർ.

1998 ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 6(i) പ്രകാരം അപേക്ഷകന്റെ തദ്ദേശഭരണാധികാരിക്ക് യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.

തൊഴിൽ രഹിത വേതനം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതോ വരുമാന സർട്ടിഫിക്കറ്റോ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3720 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-21 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന തുക കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, ഇലക്ട്രിക്കൽ സെക്ഷൻ, അഗളിയിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെക്ക് നമ്പർ /തിയതി | തുക |
|---|---|---|---|
| 411/21 തോമാമുക്ക് കൊരണ്ടിക്കാട്ട് പ്രദേശം ത്രീ ഫേസ് ലൈൻ | 121000 (Plan-Gen) | 26/20.10.20 | 120131 |
| 354/21 തൊട്ടിയാങ്കര മാത്തുക്കുട്ടി പ്രദേശം 3 ഫേസ് ലൈൻ | 110000 (CFC) | 43/31.3.21 | 106981 |
| ആകെ | | | 227112 |

പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/7.6.22) വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

1-22 പഞ്ചായത്ത് ഓഫീസിലേക്കും കമ്മ്യൂണിറ്റി ഹാളിലേക്കും ജനറേറ്റർ വാങ്ങൽ-രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

പഞ്ചായത്ത് ഓഫീസിലേക്കും കമ്മ്യൂണിറ്റി ഹാളിലേക്കും ജനറേറ്റർ വാങ്ങൽ എന്ന പ്രൊജക്ട് സംബന്ധമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 348/21 |
| അടങ്കൽ | 400000 (തനത് ഫണ്ട്) |
| ചെലവ് | 393000 (ചെക്ക് നമ്പർ- |

| | |
|---|---|
| | 339310/12.6.20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രൊജക്ടിന് ടെണ്ടർ വിളിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സുരേഷ് ബാബു, വെൽടെക്ക് ഇലക്ട്രിക്കൽസ്, അഗളി എന്ന സ്ഥാപനത്തിൽ നിന്നും ജനറേറ്റർ വാങ്ങുകയും ചെയ്തിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/7.6.22) മറുപടിയോ രേഖകളോ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 393000 രൂപ തടസ്സപ്പെടുത്തുന്നു.

1-23 കുടുംബശ്രീക്ക് നൽകിയ തുകയുടെ ചെലവ് രേഖ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടിന് കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ /തീയ്യതി | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| 174/21 | കുടുംബശ്രീ സംഘങ്ങൾക്ക് തുണിസഞ്ചി നിർമ്മാണത്തിന് സഹായം | 1100000 (Plan-Gen-100000, BP-1000000) | 100000 | 33/18.3.21 | 0849101009026 |

പ്രസ്തുത തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം 12/7.6.22 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 100000 രൂപ തടസ്സത്തിൽ വക്കുന്നു.

1-24 മൂച്ചിക്കാടവ് പാലം ഗതാഗതയോഗ്യമാക്കുന്നതിന് തുക നൽകിയതിന്റെ വാല്യവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പ്രളയത്തിൽ തകർന്ന മൂച്ചിക്കാടവ് പാലം ഗതാഗതയോഗ്യമാക്കുന്നതിന് വേണ്ടി വൗച്ചർ നമ്പർ 22000002/1.4.20 പ്രകാരം 87524 രൂപ മാത്തച്ചൻ പി.ജെ, പുന്നക്കോട്ടിൽ, അഗളി എന്നിവർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. പ്രസ്തുത പാലം നിർമ്മാണത്തിന്റെ വാല്യൂവെഷൻ സ്ര്ട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/7.6.22) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ ചെലവ് തുകയായ 87524 രൂപ തടസ്സപ്പെടുത്തുന്നു.

1-25 അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി എന്ന പേരിൽ താഴെ പറയുന്ന പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 149 | അനു പൂരക പോഷകാഹാരം(ജനറൽ) | 3700000 (Plan-Gen-1200000, | 3527409 (Plan-Gen-1189583, |

| | | | | |
|---|---|---|---|---|
| | | | Central-2500000) | Central-2337826) |
| | 147 | അന്ന പൂരക പോഷകാഹാരം(TSP) | 3230000(Plan-TSP) | 3224176(Plan-TSP) |
| | 148 | അന്ന പൂരക പോഷകാഹാരം(SCP) | 700000(Plan-SCP) | 697010(Plan-SCP) |

*ജി.എസ്.ടി കൗൺസിൽ തീരുമാനം നം-28, കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പരിപാടി(ജനറൽ), എസ്.സി.പി,ടി എസ് പി എന്നീ പ്രോജക്റ്റുകൾ പ്രകാരം തേജസ് അമൃതം ഫുഡ്സ്, താവളം, അഗളി എന്ന സ്ഥാപനവുമായി നടത്തിയ ഇടപാടുകളിൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കാതിരുന്നതിന് വിശദീകരണം നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/8-6-22) ഈടാക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്.ഭാവിയിൽ സ്രോതസിൽനിന്നും നികുതി കിഴിവ് നടത്തി മാത്രം ബിൽ തുക അനുവദിക്കേണ്ടതാണ്.*

1-26 അംഗൻവാടികൾക്ക് ഫർണ്ണിച്ചർ-ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങിയത് പ്രോക്യൂർമെന്റ് മാർഗ്ഗരേഖാലംഘനം

അംഗൻവാടികൾക്ക് ഫർണ്ണിച്ചർ എന്ന പ്രൊജക്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ /തീയ്യതി |
|---|---|---|---|---|
| 210/20 | അംഗൻവാടികൾക്ക് ഫർണ്ണിച്ചർ | 900000 (Maintenance Fund-Non Road) | 899896 | 2/20.4.20 -423403 |
| | | | | 3/20.4.20 -476493 |

നിർവ്വഹണ രീതി റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ / ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്ന് നേരിട്ട് - അക്രഡിറ്റഡ് ഏജൻസി സിഡ്കോയിൽ നിന്ന് വാങ്ങുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതി നിർവ്വഹണം

SIDCO മാർക്കെറ്റിംഗ് സെന്റർ പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധന സമാഹരണം നടത്തിയിട്ടുള്ളത്.

താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വിവിധ ഫർണ്ണിച്ചറുകൾ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | Item | എണ്ണം | Total |
|---|---|---|---|
| PKD/19-20/157 Dt 2.2.20 | അലമാര | 18 | 387078 |
| PKD/19-20/154 Dt 2.2.20 | അലമാര | 20 | 368122 |
| PKD/19-20/167 Dt 10.2.20 | കസേര | 52 | 36325 |
| PKD/19-20/158 Dt 2.2.20 | അലമാര | 6 | 108371 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ളവയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം (25/8.6.22) നൽകിയിരുന്നു.

1) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ റേറ്റ് കോൺട്രാക്ട് കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 10.04.2019 ലെ സ.ഉ(പി) നം. 6/19/എസ്.പി.ഡി, 26.08.2019 ലെ സ.ഉ(പി) നം. 12/19/എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം റേറ്റ് കോൺട്രാക്ട് സമ്പ്രദായം നിർത്തലാക്കിയിട്ടുമുണ്ട് എന്നാൽ റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിച്ചിട്ടും റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സമാഹരിക്കുകയും ചെയ്ത നടപടി പ്രസ്തുത സർക്കാർ ഉത്തരവുകളുടെയും പ്രൊക്യൂർമെന്റ് മാർഗരേഖയുടെയും ലംഘനമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

മേൽ എൻക്വയറിക്ക് മറുപടിയൊന്നും ഹാജരാക്കിയില്ല. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-27 വെറ്ററിനറി സബ്സെന്ററുകളിലേക്ക് ഫർണ്ണിച്ചറുകൾ വാങ്ങൽ-രേഖകൾ ഹാജരാക്കിയില്ല

വെറ്ററിനറി സബ്സെന്ററുകളിലേക്ക് ഫർണ്ണിച്ചറുകൾ വാങ്ങൽ എന്ന പ്രൊജക്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 172 |
| അടങ്കൽ | 311000 (MF-NR) |
| ചെലവ് | 309552 (ബിൽ നമ്പർ-35/18.3.21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിലെ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണം(15/7.6.22) നൽകിയിരുന്നു.

1)പ്രൊജക്ട് പ്രകാരം ഫർണ്ണിച്ചറുകൾ വാങ്ങിയിരിക്കുന്നത് ടെണ്ടർ കൂടാതെ ആർട്കോ എന്ന സ്ഥാപനത്തിൽ നിന്നാണ്. സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

2)പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റേയും രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് മറുപടിയോ രേഖകളോ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 309552 രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ -ആർട്കോയിൽ നിന്നും വാങ്ങിയത്- പ്രൊക്യൂർമെന്റ് മാർഗരേഖ ലംഘനം

വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് 2 പ്രൊജക്ടുകൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 179 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (ജനറൽ) | 2175000 (Plan-Gen-1175000, BP-1000000) | 2174000 (Plan-Gen-1175000, BP-999000) | 1175000-19/21.8.20<br>999000-34/18.3.21 |
| 186 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (ജനറൽ) | 1522500(Plan-Gen) | 1521800 | 20/21.8.20 |

പ്രൊജക്ട് നമ്പർ 186 പ്രകാരം 350 കട്ടിലും പ്രൊജക്ട് നമ്പർ 179 പ്രകാരം 500 ആർട്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ളവയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (16/7.6.22) നൽകിയിരുന്നു.

1) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ റേറ്റ് കോൺട്രാക്ട് കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 10.04.2019 ലെ സ.ഉ(പി) നം. 6/19/എസ്.പി.ഡി, 26.08.2019 ലെ സ.ഉ(പി) നം. 12/19/എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം റേറ്റ് കോൺട്രാക്ട് സമ്പ്രദായം നിർത്തലാക്കിയിട്ടുമുണ്ട് എന്നാൽ റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിച്ചിട്ടും റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സമാഹരിക്കുകയും ചെയ്ത നടപടി പ്രസ്തുത സർക്കാർ ഉത്തരവുകളുടെയും പ്രൊക്യൂർമെന്റ് മാർഗരേഖയുടെയും ലംഘനമാണ്.

2) സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

3) പ്രസ്തുത ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

4) പ്രസ്തുത സ്പെസിഫിക്കേഷനിലുള്ള കട്ടിലുകൾ (198x90 CM, Back Leg-50 CM,8 MM Plywood Top With Polish) Artco യുടെ പ്രൈസ് ലിസ്റ്റിൽ (G.O) RT No.4/2018/SPD Dt 2.2.18) ഇല്ലാത്തതുമാണ്.
ഓഡിറ്റ് അന്വേഷണത്തിന് മറുപടിയോ രേഖകളോ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുകയായ 3695800 രൂപ തടസ്സപ്പെടുത്തുന്നു.

1-29 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു

2020-21വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 252 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (ജനറൽ) | 657980 Own-fund) | 651006 | |
| 238 | എസ്.ടി ഊരുകളിൽ മിനിമാസ്റ്റ് LED ലൈറ്റ് സ്ഥാപിക്കൽ | 370868 (Plan-TSP) | 359976 | 2/20.4.20 |
| 237 | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് LED ലൈറ്റ് സ്ഥാപിക്കൽ | 370868(CFC) | 359976 | 5/14.5.20 |
| 235 | അഗളി പഞ്ചായത്തിൽ വിവിധ ജംഗ്ഷനുകളിൽ മിനി ഹൈമാസ്റ്റ് സ്ഥാപിക്കൽ | 752604 (CFC ഗ്രാന്റ് ) | 719952 | 359976-4/14.5.20<br>359976-8/14.5.20 |
| 365 | ഉളിക്കടവ് കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ | 100000 (CFC ഗ്രാന്റ് ) | 99760 | 36/18.3.21 |
| 323 | കക്കുപടി സ്കൂളിന് സ്ഥലം വാങ്ങൽ | 1500000 (25000-Plan-Gen, 1475000-Own Fund) | 1415550 (25000-Plan-Gen, 1390550-Own Fund) | 30/8.12.20 |
| 170 | വിശപ്പ് രഹിത കേരളം-ജനകീയ ഹോട്ടൽ | 200000 (Plan-Gen) | 55440 | 37/18.3.21 |

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/7.6.22) മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല.ആയതിനാൽ ചെലവ് തുകയായ 3661660 രൂപ തടസ്സപ്പെടുത്തുന്നു.

1-30 തെരുവ് വിളക്കുകൾ ടെണ്ടർ കൂടാതെ സിൽക്കിൽ നിന്നും നേരിട്ട് വാങ്ങിയത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖാ ലംഘനം

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എൽ.ഇ.ഡി തെരുവു വിളക്ക് സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ്, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. തെരുവ് വിളക്കുകൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|---|---|
| പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ (പ്രൊജക്റ്റ് നമ്പർ-175) | 1500000(പദ്ധതി വിഹിതം-ജനറൽ) | 1496100 | 24/20.10.20 | 1496100 | 25 W ന്റെ 171 LED സ്ട്രീറ്റ് ലൈറ്റും 45 W ന്റെ 187 സ്ട്രീറ്റ് ലൈറ്റും വാങ്ങിയിട്ടുണ്ട്. (ഭരണസമിതി,പർച്ചേസ് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല) |
| അഗളി പഞ്ചായത്തിൽ വിവിധ ജംഗ്ഷനുകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രൊജക്റ്റ് നമ്പർ-178) | 2520000 (CFC) | 2491986 | 29/8.12.20 | 2491986 | 150 W ന്റെ 14 LED Flood Light (8 Meter-4 Set) വാങ്ങിയിട്ടുണ്ട്. |
| എസ്.ടി ഊരുകളിൽ മിനി മാസ്റ്റ് LED ലൈറ്റ് സ്ഥാപിക്കൽ (പ്രൊജക്റ്റ് നമ്പർ-182) | 1800000 | 1779990 | 25/20.10.20 | 1779990 | 150 W ന്റെ 10 LED Flood Light (8 Meter-4 Set) വാങ്ങിയിട്ടുണ്ട് |
| പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ (പ്രൊജക്റ്റ് നമ്പർ-213) | 550000 | 548500 | 6/14.5.20 | 216000 | തെരുവ് വിളക്ക് വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. |
| | | | 7/14.5.20 | 332500 | |

| | | | | | |
|---|---|---|---|---|---|
| അഗളി പഞ്ചായത്തിൽ വിവിധ ജംഗ്ഷനുകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രൊജക്ട് നമ്പർ-246) | 900000 | 899940 | 18/20.8.20 | 899940 | 150 W ന്റെ 5 LED Flood Light (9 Meter-4 Set) വാങ്ങിയിട്ടുണ്ട് |

തീരുമാനങ്ങൾ

ഭരണസമിതിയുടെയോ പർച്ചേസ് കമ്മിറ്റിയുടേയോ തീരുമാനം ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ഇല്ല.

അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

അക്രഡിറ്റഡ് ഏജൻസികളുടെ 04-07-2019ലെ G.O.(P)നം.77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 34 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത് മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയാകേണ്ടതാണ്. PMC സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.
സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. തേർഡ് പാർട്ടിക്കാണ് പഞ്ചായത്ത് തുക നൽകേണ്ടത്.

സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ SILKന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും ലൈറ്റുകൾ നേരിട്ട് വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയത്. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിൽ സി.എഫ്.എൽ ബൾബുകൾ മാറ്റി എൽ.ഇ.ഡി ആക്കണം എന്ന നിർദ്ദേശമല്ലാതെ ,പ്രോജക്റ്റിന്റെ കൃത്യത ചർച്ച ചെയ്തിട്ടുമില്ല. പ്രോജക്റ്റിനനുസരിച്ചാണ് തുടർന്നുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളത്.

ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. നിർവ്വഹണം നടത്തുന്നതിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്റ്റിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

സപ്ലൈ ചെയ്തതിന്റെ വിവരം

ലഭ്യമാക്കിയ ബിൽ പ്രകാരം SILK ൽ നിന്നും നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത് എന്നാണ് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നത്.

ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി SILK മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

എഗ്രിമെന്റ്

സ്ഥാപനവുമായി എഗ്രിമെന്റ് വെച്ചതിന്റെ രേഖകൾ ലഭ്യമല്ല. അഗ്രിമെന്റ് രജിസ്റ്റർ ലഭ്യമല്ല.
സ.ഉ.(സാധാ) നം.1978/2020/ത.സ്വ.ഭ.വ തീയതി.21.10.2020 ലെ ഉത്തരവിൽ സ.ഉ.(പി) നം.95/2017 /ധന.തീയതി 25.07.2017 പ്രകാരം പുറപ്പെടുവിച്ച അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളും കർശനമായും പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രൊജക്റ്റ് സംബന്ധിച്ച് താഴെ പറയുന്ന വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (27/8.6.22) നൽകിയിരുന്നു.

1)ജി.ഒ(പി)നം.7/2019/എസ്.പി.ഡി 26-4-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ.19.3 ൽ ഭേദഗതി വരുത്തുകയും 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള, GeM ലഭ്യമായ സാധനങ്ങളുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E-Marketplace (GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്,എന്നാൽ ആയത് പരിശോധിച്ചിട്ടില്ല.

2) ടെണ്ടർ നടപടികൾ പാലിക്കാതെ SILK ൽ നിന്നും നേരിട്ട് ലാമ്പുകൾ വാങ്ങുവാനുണ്ടായ കാരണം

3) ടെണ്ടർ നടപടികൾ കൂടാതെ തെരുവു വിളക്കുകൾ SILK ൽ നിന്നും നേരിട്ട് വാങ്ങുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

4)സിൽക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തിനെ അറിയിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) എല്ലായിടത്തും ഒരേ ഊർജ്ജ ക്ഷമതയുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിന് മുൻപ് സാധ്യതാ പഠനം നടത്തിയതിന്റെ വിവരങ്ങൾ.

6) തെരുവു വിളക്കുകൾ SILK ഉല്പാദിപ്പിക്കുന്നവയാണെന്ന സാക്ഷ്യപത്രം ഇല്ല.

7) SILK സമർപ്പിച്ച നിരക്ക്, മാർക്കറ്റ് നിരക്കുമായി ഒത്തു പോകുന്നതാണോ എന്ന് പരിശോധിക്കുകയോ, നെഗോഷിയേഷൻ നടത്തുകയോ ചെയ്തതായി കാണുന്നില്ല.

8) പഴയ സാമഗ്രികൾ പഞ്ചായത്തിൽ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടില്ല. പഴയ സാമഗ്രികൾ

കയ്യൊഴിച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല.
9)തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് KSEB യുടെ സാക്ഷ്യപത്രം ഇല്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് മറുപടിയോ രേഖകളോ സമർപ്പിച്ചില്ല.ആയതിനാൽ ചെലവ് തുകയായ 7216515 രൂപ തടസ്സപ്പെടുത്തുന്നു.

1-31 കുടിവെള്ളവിതരണം നടത്തിയതിയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 2020-21ൽ കുടിവെള്ളവിതരണം നടത്തിയതിന് ശ്രീ.അശോകൻ.കെ, കരിപ്പോട്ടിൽ വീട്, വാടാനംകുർശ്ശി എന്നവർക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | വൗച്ചർ നമ്പർ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22000065 തി 21.4.20 | 764400 | 27.3.20 മുതൽ 20.4.20വരെയുള്ള ദിവസങ്ങളിൽ കുടിവെള്ള വിതരണംചെയ്തതിന്. |
| 2 | 22000126 തി 5.5.20 | 318500 | 21.4.20 മുതൽ 30.4.20വരെയുള്ള ദിവസങ്ങളിൽ കുടിവെള്ള വിതരണംചെയ്തതിന്. |

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (19/7.6.22) നൽകിയിരുന്നു.
1)കുടിവെള്ള വിതരണം നടത്തുന്നതിനാവശ്യമായ വെള്ളം എവിടെനിന്നാണ് ശേഖരിച്ച് വിതരണം ചെയ്യേണ്ടതെന്ന് പഞ്ചായത്ത് നിർണയിച്ച നൽകിയിട്ടില്ല. എവിടെ നിന്നാണ് വെള്ളം ശേഖരിച്ച് വിതരണം ചെയ്തതെന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2)വിതരണംചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധി കേരള വാട്ടർ അതോറിറ്റി, സർക്കാർലാബ്, ഭക്ഷ്യസുരക്ഷാവകുപ്പ് എന്നിവിടങ്ങളിലെവിടെയെങ്കിലും പരിശോധിച്ച് ഉറപ്പുവരുത്തിയുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3) ജലവിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവു ചെയ്തതല്ലാതെ ആയത് പ്രൊജക്ടായി ഉൾപ്പെടുത്തി അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടില്ല.

4) വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഇല്ലാതെയാണ് തുക നൽകിയിരിക്കുന്നത്.

5) GPS ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയ ശേഷമായിരിക്കണം സെക്രട്ടറിമാർ തുക അനുവദിക്കേണ്ടത്. ആയത് ചെയ്തതിന്റെ സാക്ഷ്യപത്രം ഇല്ല.
ഓഡിറ്റ് അന്വേഷണത്തിന് മറുപടിയോ രേഖകളോ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 1082900 രൂപ തടസ്സപ്പെടുത്തുന്നു.

1-32 കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു

പദ്ധതി മാർഗരേഖയനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും തങ്ങളുടെ അധികാര പരിധിയിലുള്ള വിവിധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ആയതിലെ

സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതുതായി നിർമിക്കേണ്ടതും പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിലാണ് പ്രോജക്ട് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം ഒന്നിലധികം വർഷം നീണ്ടുപോയാലും ഒറ്റ പ്രോജക്ടായി തന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ജില്ലാ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ച് വരുന്നത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

1-33 പരിശോധനകൾ നടത്താതെ വസ്തുതാ പരമായ അടിസ്ഥാനങ്ങളില്ലാത്ത തീരുമാനങ്ങളിലൂടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നു.

താഴെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയിൽ വേണ്ടത്ര പരിശോധനകൾ നടത്താതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നു.

പ്രോജക്ട് നം , പേർ. SO. 283/21-എ. പി.ജെ. കോളനി കുടിവെള്ള പദ്ധതി.

ബിൽ നം. , തുക . 69/27-8-2020, 250000 രൂ. , 170/5-2-2021, 503369 രൂ.

പി.എ.സി. 723492

എ.പി.എ.സി. 672852

എം.ബുക്ക് നം. 238/19-20

കരാറുകരാന്റെ പേര്. ഹംസ.കെ.കെ.

ടെണ്ടർ തുക . 672852 രൂ.

എ.പി.ജെ. കോളനിയിൽ കുഴൽക്കിണർ കുഴിക്കുന്നതിനും ജലവിതരണത്തിനായി മോട്ടോർ സ്ഥാപിക്കുന്നതിനും ടാങ്ക് വെയ്ക്കുന്നതിനും റെഡിമെയ്ഡ് പമ്പഹൗസ് നിർമിക്കുന്നതിനും ആണ് തുടക്കഎസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ പരിശോധനയിൽ ജലലഭ്യത കുറവായതിനാൽ ബോർവെൽ ഒഴിവാക്കി അഗളി കുടിവെള്ള ടാങ്കിൽ നിന്നും കുടിവെള്ള വിതരണം നടത്തുന്നതിന് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ മാത്രം ഉൾപ്പെടുന്ന വിധത്തിൽ റിവൈസ് ചെയ്യുന്നതിന് അസി. എഞ്ചിനീയർക്ക് അനുമതി നൽകികൊണ്ട് ഭരണസമിതി തീരുമാനം എടുക്കുകയും അതിൻപ്രകാരം പ്രവൃത്തി നടത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ യാതൊരു അടിസ്ഥാനപരമായ പരിശോധനയും നടന്നതായി രേഖകളില്ല. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ സൈറ്റ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള ഫീസ് പോലും അടച്ചിട്ടില്ല. ഇപ്രകാരം യാതൊരു കാരണവും ഇല്ലാതെ എല്ലാ അംഗീകാരങ്ങളും ലഭിക്കുകയും പ്രവൃത്തിയുടെ എഗ്രിമെന്റ് 19-12-2019ൽ വെയ്ക്കുകയും ചെയ്തതിന് ശേഷം പ്രോജക്ട് റിവൈസ് ചെയ്യുന്നത് ക്രമപ്രകാരമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/8-6-2022)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-34 ടാറിംഗ് പ്രവൃത്തികളിൽ ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. നഷ്ടം സംഭവിച്ച തുക ഈടാക്കേണ്ടതാണ്.

2020-21- ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 238/-രൂപ നിരക്കിൽ ബാരലിന്റെ വിലയും ജി.എസ്.ടിയും(18%) കരാറുകാരിൽ നിന്ന് ഈടാക്കിയതായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 238/- |
|---|---|---|---|---|---|
| 1 | SO - 316/21- . | 96/20-8-2020- 885780/-രൂ. | VG-30- 2432.615/156 | 24 | 5712 |

| | | | | | |
|---|---|---|---|---|---|
| | ദോണികുണ്ട് ഇ.ഡി. ബേബി പ്രദേശം റോഡ് റീടാറിങ്ങ് സജി തോമസ് | 50/19-20, 586165രൂ. MB No. 359/18-19 | =16 RS1-317.04/182 =2 SS1-979.965/182= 6 | | |
| ആകെ | | | | | 5712 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/8-6-2022) മറുപടിയായി മേൽസൂചിപ്പിച്ച പ്രവൃത്തിയുടെ ടാർ ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടാർ ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടക്കി അടവാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ഇതേ ഓഡിറ്റ് അന്വേഷണത്തിൽ പരാമർശിച്ചിരുന്ന കാരറ പോത്തുപ്പടി റോഡ് പുനരുദ്ധാരണം, കാരറ ആനഗദ്ധ റോഡ് പൂർത്തീകരണം എന്നീ പ്രവൃത്തികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ടാർ ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടക്കി യഥാക്രമം രസീതി നം.1220100514/6-5-2022, രസീതി നം.1220100513/6-5-2022 എന്നിവ മുഖേന അടവാക്കിയിട്ടുണ്ട്.

1-35 മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.

സ.ഉ (എം.എസ് ) നം.11/2018ത.സ്വ.ഭ.വ തീ.29-1-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖ,സർക്കാർ ഉത്തരവ് നം.13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകളും ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ഡാറ്റ, സൈറ്റ് മാപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (എസ്.സി.പി, റ്റി.എസ്.പി. പദ്ധതികൾക്ക്), എന്നിവയെല്ലാം പ്രോജക്ട് രേഖകളോടൊപ്പം വെയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പല ഫയലുകളിലും താഴെപ്പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് | സൈറ്റ് മാപ്പ് | മോണിറ്ററിംഗ് റിപ്പോർട്ട് | ഫീസിബിലിറ്റി റിപ്പോർട്ട്. | എസ്റ്റിമേറ്റ് റിപ്പോർട്ട് |
|---|---|---|---|---|---|---|
| | SO-217/21-ഒമ്മല വർഗീസ് പടി റോഡ് കോൺക്രീറ്റ് | ഇല്ല | ഇല്ല | ഇല്ല | N .A | ഇല്ല |
| | SO 166/21-ദൈവകുണ്ട് ഊര് കമ്മ്യൂണിറ്റി ഹാൾ റിപ്പയർ | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല |
| | SO-265/21-മന്തിമല ഊര് റോഡ് കോൺക്രീറ്റ് | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | SO318/21- . കാരറ പോത്തുപ്പടി റോഡ് പുനരുദ്ധാരണം | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല |
| | SO-283/21-എ. പി.ജെ. കോളനി കുടിവെള്ള പദ്ധതി. | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല. |

പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകളിൽ ഏത് തീയ്യതി വരെ പൂർത്തീകരണത്തീയ്യതി നീട്ടി ലഭിക്കണം എന്ന് കരാറുകാർ സൂചിപ്പിക്കുന്നില്ല.

ആവശ്യമായ രേഖകൾ ലഭ്യമാക്കാതെയിരിക്കുന്നത് മൂലം പദ്ധതികളുടെ ഫലപ്രാപ്തി, സുതാര്യത, അവശ്യ മേഖലകളിൽ മാത്രം ചെലവഴിക്കൽ എന്നിവയെ സാരമായി ബാധിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-36 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥ പ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The Extension Of Time Of Completion That Can Be Granted At A Time Shall Not Exceed 25% Of The Original Time Or Six Months Whichever Is Less . The Maximum Extension That Can Be Granted For A Work Shall Be Limited To Half The Original Time Of Completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചത് ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നമ്പരും പേരും: SO - 318/21- . കാരറ പോത്തുപ്പടി റോഡ് പുനരുദ്ധാരണം

അടങ്കൽ: - 400000, ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്(റോഡ്)

ചെലവ്: 204263/-, ബിൽ നം. 34/27-4-2020- 399709/-രൂ.

കരാർ നം.32/AE/LSGD/AGP/18-12-2018, -(PAC): 399785, കരാറുകാരൻ: അബ്ദുൾ നാസർ .കെ.പി.

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 17-5-2019

സ്ഥലം കൈമാറിയ തീയ്യതി. 18-12-2018

പൂർത്തീകരിച്ച തീയ്യതി: 10-2-2020 , അളവു പുസ്തകം: MB No. 227/19-20

ആകെ പ്രവൃത്തി മൂല്യം: 399709

5 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ 2020 ജനുവരി വരെ സമയം ദീർഘിപ്പിച്ച് നൽകണമെന്ന് കരാറുകാരൻ അപേക്ഷ നൽകുകയും ആയത് ഭരണസമിത അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിഴ ഒഴിവാക്കണമെന്ന് കരാറുകാരൻ അപേക്ഷിക്കുകയോ ഭരണസമിത അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നേകാൽ മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 3998 (PACയുടെ 1%)

രണ്ടാമത്തെ ഒന്നേകാല് മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 7996 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 11994

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 11994

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/8-6-2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ കുറവ് സംഭവിച്ച തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-37 അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല

2020-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 249 | പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ (TSP) | 450000 (360000-Plan TSP, 9000-B.C) | 448873 (358873-Plan TSP, 9000-B.C) | 5/19.6.20 |
| 206 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ | 435000 (Plan TSP) | 434004 (Plan TSP) | 1/22.4.20 |
| 199 | ബിരുദ ബിരുദാന്തര വിദ്യാർത്ഥികൾക്ക് ലാപ് ടാപ്പ | 600000 (Plan TSP) | 590278 (Plan TSP) | 2/24.4.20 - Rs 340545<br>3/24.4.20 Rs 249733 |
| 184 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി | 522000-Plan TSP | 521760(Plan TSP) | 7/30.3.21 |

| | | | | |
|---|---|---|---|---|
| | നൽകൽ TSP | | | |
| 250 | കുടിവെള്ള ടാങ്ക് വിതരണം (SCP) | 120000(32882-Plan-SCP, 57118-Own, 30000-BC) | 119699(32882-Plan-SCP, 56817-Own, 30000-BC) | 4/19.6.20 |
| 185 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ SCP | 91350 -Plan SCP | 91308 -Plan SCP | 6/30.3.21 |
| | | | 2205922 | |

മേൽ പറഞ്ഞ പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (9/07.06.2022) ക്ക് മറുപടിയോ രേഖകളോ ലഭ്യമായില്ല. ആകയാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുക 2205922 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തൊഴിൽ രഹിത വേതന വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല-തുക തിരിച്ചടക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ ബിൽ നമ്പർ 23/20.10.20 പ്രകാരം 3720 രൂപ തൊഴിൽ രഹിത വേതനം ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്.പിൻവലിച്ച തുക വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (6/4.6.22) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഹാജരാക്കിയില്ല.

തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ

2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്ഗുണഭോക്താക്കൾ ഹാജരാക്കിയ സാക്ഷ്യപത്രത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ഏതെങ്കിൽ ഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. അത്തരത്തിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.

4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്

5. സ.ഉ (അച്ചടി)139/2019/ധന, തിയ്യതി - 15 -10-2019

മേൽ ഉത്തരവുകൾ പ്രകാരം വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷ പാസായവരും വാർഷിക കുടുംബ വരുമാനം 12000 രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരും ആയ വ്യക്തികളാണ് തൊഴിൽ രഹിത വേതനത്തിന് അർഹർ.

1998 ലെ തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 6(i) പ്രകാരം അപേക്ഷകന്റെ തദ്ദേശഭരണാധികാരിക്ക് യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.

തൊഴിൽ രഹിത വേതനം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതോ വരുമാന സർട്ടിഫിക്കറ്റോ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3720 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 ടാറിംഗ് പ്രവൃത്തികളിൽ ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. നഷ്ടം സംഭവിച്ച തുക ഈടാക്കേണ്ടതാണ്.

2020-21- ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് .ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 238/-രൂപ നിരക്കിൽ ബാരലിന്റെ വിലയും ജി.എസ്. ടിയും(18%) കരാറുകാരിൽ നിന്ന് ഈടാക്കിയതായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 238/- |
|---|---|---|---|---|---|
| 1 | SO - 316/21- . ദോണികുണ്ട് ഇ.ഡി. ബേബി പ്രദേശം റോഡ് റീടാറിങ്ങ് സജി തോമസ് | 96/20-8-2020-885780/-രൂ. 50/19-20, 586165രൂ. MB No. 359/18-19 | VG-30-2432.615/156 =16 RS1-317.04/182 =2 SS1-979.965/182= 6 | 24 | 5712 |
| ആകെ | | | | | 5712 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/8-6-2022) മറുപടിയായി മേൽസൂചിപ്പിച്ച പ്രവൃത്തിയുടെ ടാർ ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടാർ ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടക്കി അടവാക്കുകയോ

അല്ലാത്തപക്ഷം ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ഇതേ ഓഡിറ്റ് അന്വേഷണത്തിൽ പരാമർശിച്ചിരുന്ന കാരറ പോത്തുപ്പടി റോഡ് പുനരുദ്ധാരണം, കാരറ ആനഗദ്ധ റോഡ് പൂർത്തീകരണം എന്നീ പ്രവൃത്തികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ടാർ ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കി യഥാക്രമം രസീതി നം. 1220100514/6-5-2022, രസീതി നം. 1220100513/6-5-2022 എന്നിവ മുഖേന അടവാക്കിയിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 .വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2020-2021 വർഷത്തെ AFS 01-06-2022 നം 09.06.2022 നം ഇടയിൽ പരിശോധിച്ചു. ആയത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 1500000 | പ്രളയത്തിൽ തകർന്ന നെല്ലിപ്പതി പല്ലിയറ റോഡ് റീടാറിംഗ് | 1500000 | 0 |
| | | 1000000 | വീട് പുനരുദ്ധാരണം (ജനറൽ) | 500000 | 500000 |
| | 437366 | | ഭവനനിർമാണം (ജനറൽ)(ലൈഫ്) | 437366 | 0 |
| | 8346505 | | ഭവനനിർമാണം (ജനറൽ)(ലൈഫ്) | 5180370 | 3166135 |
| | | 1000000 | കുടുംബശ്രീ സംഘങ്ങൾക്ക് തുണി സഞ്ചി നിർമാണത്തിന് സഹായം | 0 | 1000000 |
| | | 1000000 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (ജനറൽ) | 999000 | 1000 |
| | | 1000000 | ഭവനനിർമാണം (ജനറൽ)(ലൈഫ്) | 1000000 | 0 |
| | | 500000 | സുഭിക്ഷ കേരളം തരിശുകൃഷി പ്രോത്സാഹനം - പച്ചക്കറി കൃഷി | 0 | 500000 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകൽ | 196800 | 3200 |

| | | | | | |
|---|---|---|---|---|---|
| | | 200000 | സുഭിക്ഷ കേരളം തരിശുകൃഷി പ്രോത്സാഹനം - വാഴ കൃഷി | 0 | 200000 |
| | | 300000 | സുഭിക്ഷ കേരളം തരിശുകൃഷി പ്രോത്സാഹനം - കിഴങ്ങ വർഗങ്ങൾ | 0 | 300000 |
| | 5114 | | ഭവനനിർമാണം (എസ്.സി.പി)(ലൈഫ്) | 0 | 5114 |
| | | 200000 | ഭവനനിർമാണം (എസ്.സി.പി)(ലൈഫ്) | 200000 | 0 |
| | 300000 | | വനിതകൾക്ക് പെണ്ണാട് വിതരണം(പട്ടികവർഗം) | 300000 | 0 |
| | 500000 | | ഭൃതിവഴി ഊര് ഡ്രൈനേജ് നിർമാണം | 489805 | 10195 |
| | 600000 | | അഗളി ഊര് ഡ്രൈനേജ് നിർമാണം | 592888 | 7112 |
| | | 2500000 | ഭവനപുനരുദ്ധാരണം (ടി.എസ്.പി)(ലൈഫ്) | 0 | 2500000 |
| | | 600000 | ഭവനനിർമാണം (ടി.എസ്.പി)(ലൈഫ്) | 600000 | 0 |
| | 500000 | 105000 | എ.പി.ജെ.കോളനി കുടിവെള്ള പദ്ധതി | 503369 | 101631 |
| | | 605000 | രാജീവ് കോളനി കുടിവെള്ള പദ്ധതി | 0 | 605000 |
| | 10688985 | 10710000 | | 12499598 | 8899387 * |
| | 1400300 | 1099700 | ഭവനനിർമാണം (ടി.എസ്.പി)(ലൈഫ്) | 2500000 | 0 |
| | 10879 | | ഭവനനിർമാണം (എസ്.സി.പി)(ലൈഫ്) | 0 | 10879 |
| | 14847 | | ഭവനനിർമാണം (ജനറൽ)(ലൈഫ്) | 14847 | 0 |
| ജില്ലാ പഞ്ചായത്ത് | 1924547 | | ഭവനനിർമാണം (ടി.എസ്.പി)(ലൈഫ്) | 690000 | 1234547 |
| | 8454307 | | ഭവനനിർമാണം (എസ്.സി.പി)(ലൈഫ്) | 840000 | 7614307 |
| | | 12043201 | ഭവനനിർമാണം (ജനറൽ)(ലൈഫ്) | 6467417 | 5575784 |
| | 300000 | | ശാരീരിക മാനസിക | 290200 | 9800 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകൽ | | |
| ആകെ | 12104880 | 13142901 | | 10802464 | 14445317 ** |

* ഗ്രാമപഞ്ചായത്തിലെ കണക്കുകളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ തുകകളുടെ കണക്കുകളും നീക്കിബാക്കി നിൽക്കുന്ന തുകകളും AFS ലെ Balance Sheet ലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല . സംയുക്ത ഫണ്ടുകളുടെ വിവരം സൂക്ഷിക്കുന്ന റജിസ്റ്റർ അപൂർണമായതിനാൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്താൻ സാധിക്കുന്നില്ല .

** ഗ്രാമപഞ്ചായത്തിലെ കണക്കുകളിൽ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വരവുകളും നീക്കിയിരുപ്പുകളും AFS ലെ Balance Sheet ലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല . സംയുക്ത ഫണ്ടുകളുടെ വിവരം സൂക്ഷിക്കുന്ന റജിസ്റ്റർ അപൂർണമായതിനാൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്താൻ സാധിക്കുന്നില്ല .

സംയുക്ത ഫണ്ടുകൾ സംബന്ധിച്ച് AFS പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

സംയുക്ത ഫണ്ടുകൾ

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| സംയുക്ത പ്രോജക്ടുകൾ (ബ്ലോക്ക് പഞ്ചായത്ത്) | 11648006 | 0 | 11648006 | 0 | 11648006 |
| | 500000 | 0 | 500000 | 0 | 500000 |
| | 0 | 500000 | 500000 | 0 | 500000 |
| സംയുക്ത പ്രോജക്ടുകൾ (ജില്ലാ പഞ്ചായത്ത്) | 13333619 | 5000000 | 18333619 | 0 | 18333619 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾ

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, ഇലക്ട്രിക്കൽ സെക്ഷൻ, അഗളിയിലേക്ക് (അക്കൗണ്ട് നമ്പർ-0849201000035) കൈമാറിയ തുകകളുടെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര് | അടങ്കൽ | ബിൽ നമ്പർ /തിയതി | തുക |
|---|---|---|---|
| 411/21 തോമാമുക്ക് കൊരണ്ടിക്കാട്ട് പ്രദേശം ത്രീ ഫേസ് ലൈൻ | 121000 (Plan-Gen) | 26/20.10.20 | 120131 |
| 354/21 തൊട്ടിയാങ്കര മാത്തുക്കുട്ടി പ്രദേശം 3 ഫേസ് ലൈൻ | 110000 (CFC) | 43/31.3.21 | 106981 |
| ആകെ | | | 227112 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5060000/-രൂ. വരവുണ്ട്. മുൻബാക്കി 1360000 രൂപയടക്കം 6420000 രൂപയിൽ 3980000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 5060000 | 119457059 | 9893804 | | 114623255 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടുൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2-5 | 2004-05 | 3.9.1.4.1 | നിർവ്വഹണ ചെലവ്- പരിധി പാലിച്ചില്ല | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 1999-2000 | 2-18 | 2004-05 | 3.9.1.4.2 | 1.86 കോടി രൂപയുടെ ചെലവ് രേഖയില്ല | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 2000-01 | 17 | | 3.9.1.4.2 | | |
| 2001-02 | 7 | | 3.9.1.4.2 | | |
| 1999-2000 | 2-17 | 2004-05 | 3.9.1.4.3 | ജലവിതരണ പദ്ധതി-കിണർ ചവറുനിക്ഷേപ കുഴിയായി. | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 1999-2000 | 2-14 14എ | 2004-05 | 3.9.1.4.4 | നിർവ്വഹണ രേഖയില്ല | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 2013-14 | 3-1 | 2013-14 | 3-1 | അങ്കണവാടി | സമിതി |

| | | | | | |
|---|---|---|---|---|---|
| | | | | പോഷകാഹാര വിതരണത്തിലെ ക്രമക്കേടുകൾ (ഓഡിറ്റ് ഇംപാക്ട്) | വിഷയം പരിഗണി ച്ചിട്ടില്ല |
| 1997-1998 | 1 പൊതു അവലോകനം | 2001-02 | IV. 9. 3 (1) | പൊതു അവലോകനം | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 39388202.57 |
| ഓഡിറ്റ് വർഷത്തെ വരവ് | 197902699 |
| ആകെ | 237290901.57 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 211755155 |
| നീക്കിയിരിപ്പ് | 25535746.57 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരി ക്കാത്ത തുക | 9432 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21027564 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം -

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3720 | മുരുകേഷ് ബാബു, സെക്രട്ടറി |
| 3-2 | | 5712 | ബാബു. വി.എം.,അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 692723 | അനിതാ നായർ, ഹെഡ് മാസ്റ്റർ |
| 1-17 | 828599 | മുരുകേഷ് ബാബു, സെക്രട്ടറി |
| 1-22 | 393000 | മുരുകേഷ് ബാബു, സെക്രട്ടറി |
| 1-23 | 100000 | മുരുകേഷ് ബാബു, സെക്രട്ടറി |
| 1-24 | 87524 | അജിത്ത് കുമാർ. എസ്. , സെക്രട്ടറി ഇൻ ചാർജ് |
| 1-27 | 309552 | മുരുകേഷ് ബാബു, സെക്രട്ടറി |
| 1-28 | 3695800 | മുരുകേഷ് ബാബു, സെക്രട്ടറി |
| 1-29 | 3661660 | മുരുകേഷ് ബാബു, സെക്രട്ടറി |
| 1-30 | 7216515 | മുരുകേഷ് ബാബു, സെക്രട്ടറി |
| 1-31 | 1082900 | മുരുകേഷ് ബാബു, സെക്രട്ടറി |
| 1-33 | 753369 | പ്രസീൻ.ബി.എസ്., അസി.എഞ്ചിനീയർ |
| 1-37 | 2205922 | ലെനീഷ് .വി.എൻ. അസി. സെക്രട്ടറി |
| ആകെ. | 21027564 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 11994 | മാലിനി. കെ, അസി. എഞ്ചിനീയർ |
| ആകെ | 11994 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുരുകേഷ് ബാബു, സെക്രട്ടറി | വിരമിച്ചു | പൂമുഖത്ത് ഹൗസ്, ആദിനാട്, കരുനാഗപ്പള്ളി, കൊല്ലം |
| അജിത്ത് കുമാർ. എസ്. , സെക്രട്ടറി ഇൻ ചാർജ് | സെക്രട്ടറി ഇൻ ചാർജ് | കവിതാഴത്ത് വീട്, രാമമംഗലം, എറണാകുളം ജില്ല |
| ബാബു. വി.എം., അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണ വിലാസ്, വടക്കോട്ടത്തറ, കോട്ടത്തറ.പി.ഓ അട്ടപ്പാടി , പാലക്കാട് ജില്ല |
| മാലിനി. കെ, അസി. എഞ്ചിനീയർ | | നെടുങ്കണ്ടൂർ, ഷൊർണ്ണൂർ പാലക്കാട് |
| പ്രസീൻ.ബി.എസ്., അസി.എഞ്ചിനീയർ | | ഡെക്സ്, ആറ്റുപുറം , പുല്ലുപന, കടയ്ക്കൽ, കൊല്ലം |
| ലെനീഷ് .വി.എൻ. അസി. സെക്രട്ടറി | അസി. സെക്രട്ടറി | വാണിയം പറമ്പിൽ വീട് താന്നിപ്പാടം മന്നം പി.ഓ. നോർത്ത് പറവൂർ എറണാകുളം |
| അനിതാ നായർ, ഹെഡ് മാസ്റ്റർ | ജി.എൽ.പി.എസ്. അഗളി | ഏലംകുളം, പാലത്തോൾ |

| | | |
|---|---|---|
| | | പി.ഒ. 679 340 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP12-467/03/3-7-2003 | ഫർദർ റിമാർക്സ് |
| 1997-98 | LFP12-505/03/5-7-2003 | ഫർദർ റിമാർക്സ് |
| 1998-99 | LF P 12-999/05/15-2-2006 | ഫർദർ റിമാർക്സ് |
| 1999-00 | LFP 12-1683/ 07/21.1.08 | ഫർദർ റിമാർക്സ് |
| 2000-01 | LF P12-1684/07/21.1.08 | ഫർദർ റിമാർക്സ് |
| 2001-02 | LF P12-80/ 09/18.08.09 | ഫർദർ റിമാർക്സ് |
| 2002-03 | LF P12-81/09/26-6-2009 | ഫർദർ റിമാർക്സ് |
| 2003-04 | LF P17-228/10/22-9-2010 | ഫർദർ റിമാർക്സ് |
| 2004-05 | LF P17-1460/10/16-8-2010 | ഫർദർ റിമാർക്സ് |
| 2005-06 | LF P17-567/10/27.10.10 | ഫർദർ റിമാർക്സ് |
| 2006-07 | LF P12-85/10/27.10.10 | ഫർദർ റിമാർക്സ് |
| 2007-08 | LFP17-1202/10/14-7-11 | ഫർദർ റിമാർക്സ് |
| 2008-09 | LFP17/1203/10/14-7-11 | ഫർദർ റിമാർക്സ് |
| 2009-10 | LFP17/748/12/03-07-2012 | ഫർദർ റിമാർക്സ് |
| 2010-11 | LFP17/1436/13/06-11-13 | ഫർദർ റിമാർക്സ് |
| 2011-12 | LFP17/232/14/07-03-14 | ഫർദർ റിമാർക്സ് |
| 2012-13 | L F P 17/390/15/ 18-05-15 | ഫർദർ റിമാർക്സ് |
| 2013-14& 2014-15 | കെ.എസ്.എ-പി.കെ.ഡി19/1365/2016 തീയതി.03-08-2016 | ഫർദർ |

| | | |
|---|---|---|
| | | റിമാർക്ക്സ് |
| 2015-16 | കെ.എസ്.എ-പി.കെ.ഡി24/2146/2016 തീയതി.18-01-2017 | ഫർദർ റിമാർക്ക്സ് |
| 2016-17 | കെ.എസ്.എ-പി.കെ.ഡി24/2007/2017 തീയതി.01-01-2017 | ഫർദർ റിമാർക്ക്സ് |
| 2017-18 | കെ.എസ്.എ-പി.കെ.ഡി24/454A/2019 തീയതി.12-4-2019 | ഫർദർ റിമാർക്ക്സ് |
| 2018-19 | കെ.എസ്.എ-പി.കെ.ഡി24/144/21 തീയതി. 8-4-21 | ഫർദർ റിമാർക്ക്സ് |
| 2019-20 | കെ.എസ്.എ-പി.കെ.ഡി24/1444/22 തീയതി 08.07.2022 | ഓഡിറ്റ് റിപ്പോർട്ട് |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Agali Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -57454454.43 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 11085.00 |
| 312000000 | Reserves | B-3 | 268464520.00 |
| | Total Reserve & Surplus | | 211021150.57 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 48673073.00 |
| | Total Grants, Contributions for Specific Purposes | | 48673073.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 114623255.00 |
| | Total Loans | | 114623255.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 626592.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 5245484.00 |
| | Total Current Liabilities and Provisions | | 5872076.00 |
| | TOTAL LIABILITIES | | 380189554.57 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 312141219.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -81708577.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 230432642.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 12846974.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 109723255.00 |
| 450000000 | Cash and Bank Balance | B-17 | 25535746.57 |
| 460000000 | Loans, Advances and Deposits | B-18 | 1650937.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 149756912.57 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 380189554.57 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| | Agali Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6910297.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 567570.00 |
| 140000000 | Fee & User Charges | I-4(b) | 5006294.00 |
| 150000000 | Sale & Hire Charges | I-5(b) | 270641.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 374173629.00 |
| 171000000 | Interest Earned | I-8 | 120591.00 |
| 180000000 | Other Income | I-9 | 42975.00 |
| | Total Income | | 387091997.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 15327587.00 |
| 220000000 | Administrative Expenses | I-11(b) | 2398150.00 |
| 230000000 | Operations & Maintenance | I-12(b) | 9059880.00 |
| 240000000 | Interest & Finance Charges | I-13 | 2674.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 12132019.00 |

| | | | |
|---|---|---|---|
| | Programme Expenses | | |
| 251000000 | Decentralised Plan Programme- Service Sector | I-14(a) | 246668175.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14(b) | 7764028.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | I-14(c) | 7364397.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 75531220.00 |
| 255000000 | Maintenance Projects | I-14(e) | 23327187.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 62564.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 225042.00 |
| 272000000 | Depreciation | I-17(a) | 20580387.00 |
| | Total Expenditure | | 420443310.00 |
| | Gross Surplus/ Deficit of income over Expenditure | | -33351313.00 |
| 280000000 | Prior Period Item | I-18 | 266766.00 |
| | Gross Surplus/Deficit of Income over Expenditure | | -33618079.00 |

| | | | |
|---|---|---|---|
| | after prior period items. | | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| | Agali Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 34385783.57 |
| Cash | Cash | RP-40(a) | 2419.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2793765.00 |
| 130000000 | Rental income from Panchayat Properties | RP-3 | 82000.00 |
| 140000000 | Fees & User Charges | RP-4 | 2668894.00 |
| 150000000 | Sale & Hire Charges | RP-5 | 270641.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 154611559.00 |
| 171000000 | Interest Earned | RP-9 | 120591.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22611126.00 |
| 350000000 | Other Liabilities | RP-36 | 4342360.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 45975.00 |
| 311000000 | Earmarked Funds | RP-29 | 31085.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 786750.00 |
| 330000000 | Secured Loans | RP-32 | 5060000.00 |
| 340000000 | Deposits Received | RP-34 | 565113.00 |
| 341000000 | Deposit Works | RP-35 | 0.0 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 271109.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5170731.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | RP-44 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 3471000.00 |
| | Grand total | | 237290901.57 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5594319.00 |
| 220000000 | Administrative Expenses | RP-12 | 2398150.00 |
| 230000000 | Operations & Maintenance | RP-13 | 9059880.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 10420906.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 47880119.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 9475141.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 7364397.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 123720.00 |
| 255000000 | Maintenance Projects | RP-20 | 23327187.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 62564.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 225042.00 |
| 280000000 | Prior Period item | RP-26 | -19300.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 35000.00 |
| 350000000 | Other Liabilities | RP-36 | 11150324.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2674.00 |
| 272000000 | Depreciation | RP-25 | 0.0 |
| 280000000 | Prior Period Item | RP-26 | -24000.00 |
| 311000000 | Earmarked Funds | RP-29 | 20000.00 |
| 340000000 | Deposits Received | RP-34 | 527484.00 |
| 350000000 | Other Liabilities | RP-36 | 1478597.00 |
| 410000000 | Fixed Assets | RP-38 | 73160030.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 2549319.00 |
| 440000000 | Pre-paid Expenses | RP-45 | 4280000.00 |
| 460000000 | Loans, Advances and Deposits | RP-47 | 2663602.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25535746.57 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 237290901.57 |

ഡെപ്യൂട്ടി ഡയറക്ടർ